ശ്രീ. കെ .സി. ജോസഫ്: അതും ഇതുമായി യാതൊരു ബന്ധവുമില്ല. .....(ബഹളം) :.....(ബഹളം)..... അത് വിഷയം വേറെയാണ് സാർ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെയുള്ള ബില്ല് രാജീവ് ഗാന്ധി കൊണ്ടുവന്നതാണ്. അത് ബി.ജെ.പി.ക്ക് വളരെ ഗുണപ്പെട്ടുവെന്ന് ശ്രീ. അദ്വാനി പറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: രാജീവ്ഗാന്ധി കൊണ്ടുവന്ന ബില്ലിനെ ശക്തിയായി അനുകൂലിച്ചു പറഞ്ഞ് ബനാത്വാലയുടെ ഗവൺമെന്റിനെ എതിർത്ത പാർട്ടിയും മാർക്സിസ്റ്റ് പാർട്ടിയാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: You can continue next time.. സമയം തീർന്നു. നിങ്ങൾക്ക് അനുവദിച്ചത് എട്ട് മിനിട്ടാണ്. പന്ത്രണ്ട് മിനിട്ടെടുത്തു. You can continue next time.

(ചർച്ച തുടരും)

(4) 2004-ലെ കേരള അത്യാഹിത നിയന്ത്രണ (ആപത്ത് കുറയ്ക്കൽ) ബിൽ

ശ്രീ. പി. ജയരാജൻ: 2004-ലെ കേരള അത്യാഹിത നിയന്ത്രണ (ആപത്തു കുറയ്ക്കൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ
11.30 a.m.] അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): കഴിഞ്ഞ ബില്ലിന്റെ നോട്ടീസിൽ പറഞ്ഞതുപോലെ മലയോര വികസന അതോറിറ്റിയും തീരദേശ അതോറിറ്റിയുംപോലുള്ള നടപടികൾ എടുത്തു വരുന്നു എന്നുള്ള കാര്യം ഇവിടെ ഞാൻ പ്രത്യേകം പറയുകയാണ്. ബഹുമാനപ്പെട്ട പി. ജയരാജൻ 2004-ലെ കേരള അത്യാഹിത നിയന്ത്രണ (ആപത്ത് കുറയ്ക്കൽ) ബില്ലിൽ വർദ്ധിച്ച വെള്ളപ്പൊക്കം, ഭൂകമ്പം മുതലായ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നോട്ടീസ് നൽകിയിരിക്കുന്നത്. എന്നാൽ വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭ കെടുതികളെ നേരിടുവാൻ കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് കേന്ദ്ര സർക്കാരിൽനിന്നും എഴുപത്തിയഞ്ചു ശതമാനവും സംസ്ഥാന സർക്കാർ Calamity Relief Fund-ൽ നിന്ന് ഇരുപത്തിയഞ്ചു ശതമാനവും ധനസഹായം നല്കിവരുന്നുണ്ട്. ഇതുകൂടാതെ സഞ്ചിത നിധിയിൽ നിന്നും പണം കൊടുക്കുവാൻ തികയാതെവന്നാൽ കേന്ദ്രത്തിൽ നിന്നും പ്രത്യേക ധനസഹായം അടിയന്തിരമായി നല്കാൻ നമ്മൾ അഭ്യർത്ഥിക്കാറുമുണ്ട്. മാത്രമല്ല, കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സ്റ്റേറ്റ് ഡിസാസ്ട്രസ് മാനേജുമെന്റ് അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഈ അതോറിറ്റി നിലവിലുള്ളപ്പോൾ ഇത്തരം ഒരു ബില്ലിന് പ്രസക്തിയില്ല എന്നുള്ളതുകൊണ്ട് ഇതിനുള്ള അവതരണാനുമതിക്കുള്ള പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. ജയരാജൻ: മന്ത്രി ഇങ്ങനെ അടച്ച് നിഷേധിച്ചതിൽ ഞാൻ അങ്ങേയറ്റത്തെ ഖേദം രേഖപ്പെടുത്തുന്നു

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): അടച്ച് നിഷേധിച്ചിട്ടില്ല, അവതരണാനുമതി പ്രമേയത്തെ എതിർക്കുന്നതിനുള്ള ഗവൺമെന്റിന്റെ ന്യായീകരണം പറഞ്ഞെന്നു മാത്രമേയുള്ളൂ. അങ്ങേയ്ക്ക് ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുവാൻ അവകാശമുണ്ട്.

ശ്രീ. പി. ജയരാജൻ: ഇവിടെ ഈ ബിൽ അവതരിപ്പിച്ചത് ചില അനുഭവങ്ങളുടെ വെളിച്ചത്തിലാണ്. കണ്ണൂർ ജില്ലയിൽ കഴിഞ്ഞ രണ്ടു വർഷം മുമ്പ് ഉണ്ടായിട്ടുള്ള വെള്ളപ്പൊക്കത്തിന്റെ അവസരത്തിൽ ഒരു ദ്വീപിൽ ഒറ്റപ്പെട്ടു പോയ ഒരു കുടുംബം. ആദിവാസികളുടെ ഒരു കുടുംബമാണ്. ആ കുടുംബം ഒഴുകിവന്ന മഴവെള്ളപാച്ചിലിൽ ഭയചകിതരായി മരണത്തെ നേരിട്ടുകൊണ്ട് ഏതാണ്ട് പന്ത്രണ്ട് മണിക്കൂറോളം കഴിഞ്ഞിട്ടുള്ള ഒരു അവസ്ഥയുണ്ടായി. അവരെ രക്ഷിക്കുന്നതിനുവേണ്ടി അന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അടക്കം വിളിച്ചു, അപ്പോൾ അവരെ രക്ഷിക്കുന്നതിനുവേണ്ടി പെട്ടെന്നു വന്നിട്ടുള്ളത് ഫയർ ഫോഴ്സ് ഉദ്യോഗസ്ഥന്മാരാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ വിളിച്ചു പറഞ്ഞ ഉടൻതന്നെ ഞാൻ കണ്ണൂർ കളക്ടറെ വിളിച്ചിട്ടുണ്ട്. പെട്ടെന്നുതന്നെ ആക്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പി. ജയരാജൻ: തീർച്ചയായിട്ടും പെട്ടെന്നുതന്നെ ആക്ട് ചെയ്തു. അത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്തിട്ടുണ്ട്, ഞാൻ അംഗീകരിക്കുന്നു. പെട്ടെന്നുതന്നെ കളക്ടറെ വിളിച്ചു, എസ്.പി. അടക്കമുള്ള ഉദ്യോഗസ്ഥന്മാർ സംഭവ സ്ഥലത്തുവന്നു. പക്ഷേ അതിന്റെ അനുഭവമെന്തായിരുന്നു എന്നുകൂടി ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം കേൾക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അവിടെ ഫയർഫോഴ്സുകാർ വന്നിട്ട് അവരുടെ കയ്യിലുള്ള കയർ, ഈ പറയുന്ന സ്ഥലത്തേയ്ക്ക്, അവിടെ ഒരു മരമുണ്ടായിരുന്നു. ആ മരത്തിൽ കയർ കെട്ടിയിട്ട് ആ കയറിലൂടെ അവിടെയുള്ള യുവാക്കളായിട്ടുള്ള ആളുകൾ പോയപ്പോൾ ഒരു ചെറുപ്പക്കാരൻ താഴെയുള്ള വെള്ളത്തിൽ വീണു.

ഇത്തരം പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ അപകടത്തിൽപെടുന്നവരെ രക്ഷിക്കാനുള്ള സംവിധാനങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഡിസാസ്ട്രസ് മാനേജ്മെന്റിനെ സംബന്ധിച്ചാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി, അതോറിറ്റി നിലവിലുണ്ട് എന്ന് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ റസ്ക്യൂ ഓപ്പറേഷൻസിനുള്ള ഉപകരണങ്ങൾ ഇന്ന് സംസ്ഥാനത്ത് പലയിടത്തുമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഈ തെരഞ്ഞെടുപ്പിന്റെ അവസരത്തിൽ മറ്റൊരു അനുഭവമുണ്ടായി. തലശ്ശേരിയിൽ കടലാക്രമണം വളരെ രൂക്ഷമായ അവസരത്തിൽ തലായിയിൽ കരയ്ക്കടുപ്പിച്ചു വച്ചിരുന്ന ബോട്ടുകൾ കടലിനുള്ളിലേയ്ക്ക് പോയി. അതിൽ മത്സ്യത്തൊഴിലാളികളുണ്ടായിരുന്നു. അവരെ രക്ഷിക്കാൻവേണ്ടി പലരേയും ബന്ധപ്പെട്ടു. ഹെലികോപ്റ്ററിന് വരാൻ പറ്റുന്നില്ല. അതുപോലെതന്നെ മനുഷ്യ ജീവനുകളെ രക്ഷിക്കാനുള്ള ബോട്ടുകൾ പെട്ടെന്ന് കിട്ടാത്ത അവസ്ഥയാണുണ്ടായിട്ടുള്ളത്. യഥാർത്ഥത്തിൽ വിവിധ വകുപ്പുകളാണ് പ്രകൃതിക്ഷോഭവും മറ്റും വന്നു കഴിഞ്ഞാൽ അതിനുള്ള റസ്ക്യൂ ഓപ്പറേഷൻസ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ വിവിധ വകുപ്പുകളെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുള്ള ഒരു സംവിധാനം സംസ്ഥാനാടിസ്ഥാനത്തിൽ അതോറിറ്റിയായി വേണമെന്നുള്ളതാണ്. എന്റെ ബില്ലിലെ കാതലായിട്ടുള്ള കാര്യം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപെട്ട് പൂക്കുണ്ട് കോളനി വെള്ളത്തിൽ മുങ്ങിപ്പോയ അവസരത്തിൽ ആവശ്യമായ ഇടപെടൽ നടത്തി എന്നു പറയുകയുണ്ടായി. ഞാൻ ആ സംഭവം നടന്ന സന്ദർഭത്തിൽ അവിടെയുണ്ടായിരുന്നു. അവിടെ വെള്ളം കയറിയതിന്റെ ഭാഗമായി മരണം ഒന്നുമുണ്ടായില്ല കാരണം വെള്ളം ഒഴുകിപ്പോയപ്പോൾ അവർ വേറെ ഭാഗത്തേയ്ക്ക് കടന്ന് രക്ഷപ്പെട്ടു. പക്ഷെ ദുരിതാശ്വാസ പ്രവർത്തനം നടത്താൻ പോയ ചെറുപ്പക്കാരനാണ് ഫയർ സർവ്വീസുകാരുടെ കയറിന്മേൽക്കൂടി യാത്ര ചെയ്യാൻ പുറപ്പെട്ടപ്പോൾ താഴെ വീണ് മരിച്ചത്. രണ്ടാമത് പറഞ്ഞ കാര്യം എടുത്ത് പരിശോധിച്ചാലും തലായി കടപ്പുറത്തും കണ്ണൂർ കടപ്പുറത്തും 12 ആളുകൾ വള്ളത്തിൽ പോയി. ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞിട്ടും വന്നിട്ടില്ല. ഇപ്പോഴും വന്നിട്ടില്ല. അവരെ കണ്ടുപിടിക്കുന്നതിന് യാതൊരു സംവിധാനവുമില്ല. അവരുടെ ശവം കിട്ടിയിട്ടില്ല. അവർ എവിടെ പോയി എന്നും അറിയില്ല. എന്താണ് സംഭവം എന്നും മനസ്സിലായിട്ടില്ല. സ്വാഭാവികമായും ഇങ്ങനെയുണ്ടാകുന്ന സംഭവങ്ങളോട് പ്രതികരിക്കാൻ ആവശ്യമായ നിലപാട് എടുക്കാനുള്ള സൗകര്യമൊന്നും ഗവൺമെന്റിന്റെ കയ്യിലില്ല എന്നുള്ളത് രണ്ട് അനുഭവത്തിൽ നിന്നും വ്യക്തമാണ്. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയുമോ?

ശ്രീ. പി. ജയരാജൻ: ഇവിടെ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്, അപകടത്തിൽപെട്ടാൽ അവരെ രക്ഷിക്കാനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഇല്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് ഇത്തരമൊരു ബിൽ കൊണ്ടു വരാൻ ഇടയായിട്ടുള്ളത്. നമ്മുടെ സംസ്ഥാനം, ദക്ഷിണേന്ത്യ ഭൂചലനത്തിന്റെ കാര്യത്തിൽ അപകടരഹിതമായ മേഖല യാണെന്നാണ് നമ്മളെല്ലാം കണക്കാക്കിയിരുന്നത്. പക്ഷേ അടുത്ത കാലത്ത് ആ ധാരണയ്ക്കുതന്നെ തകരാർ സംഭവിച്ചിരിക്കുകയാണ്. ആ ധാരണ ശരിയല്ല എന്നാണ് വന്നിരിക്കുന്നത്. ഭൂകമ്പത്തിന്റെ വിപത്ത് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഈ കാലവർഷത്തിന്റെ ഭാഗമായി കെടുതികളുണ്ടാകുന്ന അവസരത്തിൽ കടലിൽപ്പോയി ഒറ്റപ്പെട്ടു പോകുന്ന ആളുകളെ സംരക്ഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകണം. അപ്രതീക്ഷിതമായി വന്ന കാലവർഷത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ പത്ത് ബോട്ടുകളാണ് നാലു ദിവസംകൊണ്ട് കടൽ അടിച്ചു തകർത്തത്. ആ ബോട്ടുകൾ യഥാസമയം യഥാസ്ഥാനത്ത് കയറ്റിവയ്ക്കാൻ ആവശ്യമായ ടഗ്ഗോ മറ്റ് സംവിധാനങ്ങളോ ഉണ്ടായിരുന്നെങ്കിൽ ഒരു ബോട്ട് പൊളിഞ്ഞ മുറയ്ക്കു തന്നെ ബാക്കിയുള്ള ബോട്ടുകൾ സംരക്ഷിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ കോസ്റ്റ് ഗാർഡുകളോ, അപ്രതീക്ഷിതമായി ഉണ്ടാകുന്ന കടൽക്ഷോഭങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളേയും അതുപോലെ ബോട്ടുകളേയും വള്ളങ്ങളേയും സംരക്ഷിക്കാൻ ആവശ്യമായ സംവിധാനങ്ങളോ നമുക്ക് ഫലപ്രദമായ നിലയിൽ ഇല്ല എന്നുള്ളതാണ് വാസ്തവം. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രിയോട് വിളിച്ചു പറഞ്ഞു. അദ്ദേഹം കോഴിക്കോട് ബന്ധപ്പെട്ടു. പക്ഷേ ഒരു സംവിധാനവും ഇല്ല. എന്നാൽ രക്ഷിക്കാൻ പോയ ആളുകൾ കടലിൽ അപകടത്തിൽപെട്ടു. അവർക്ക് പത്തു പൈസ ധനസഹായം കൊടുക്കാനാവശ്യമായ സംവിധാനം ഉണ്ടാകുന്നില്ല. കഴിഞ്ഞ ഡി.ഡി.സി. യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സഹായം ലഭ്യമാക്കാൻ നിങ്ങൾ നടപടി സ്വീകരിച്ചോ എന്നു ചോദിച്ചപ്പോൾ പറഞ്ഞത് അത് ഡി.ഡി. ഫിഷറീസ്, അന്വേഷിച്ചിട്ടുണ്ട്. കളക്ടർക്ക് റിപ്പോർട്ട് കൊടുത്തു, കളക്ടർ അത് മന്ത്രിക്ക് കൊടുത്തു, മന്ത്രി എന്ത് നിലപാട് എടുത്തു എന്ന് പറയാൻ സാധിക്കില്ല എന്നാണ്. നഷ്ടപ്പെട്ട ആളുകൾക്ക് പണവുമില്ല, അതുപോലെ ജീവൻ നഷ്ടപ്പെട്ടാൽപോലും ആനുകൂല്യങ്ങൾ ലഭിക്കുന്നുമില്ല.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞിരാമൻ പറഞ്ഞതും ശ്രീ. ഗോവിന്ദൻമാസ്റ്റർ പറഞ്ഞതും ഒരേ രീതിയിലാണ്. കാരണം രക്ഷിക്കാൻ പോയവരാണ് അപകടത്തിൽപ്പെടുന്നത്. പൂക്കുണ്ട് കോളനിയിലെ സംഭവം പറഞ്ഞു. മുഖ്യമന്ത്രിയടക്കം ഇടപെട്ടതിനെ അടിസ്ഥാനപ്പെടുത്തി ഫയർ ഫോഴ്സുകാർ ജാഗ്രതയായി ഇടപെട്ടു. പക്ഷേ ഫയർ ഫോഴ്സുകാരുടെ കയ്യിലുള്ള കയറിന്മേൽ പോയി രക്ഷപ്പെടുത്താൻ ശ്രമിച്ചപ്പോഴാണ് കയർ പൊട്ടി വീണത്. 20-ഉം 30-ഉം വർഷം പഴക്കമുള്ള കയറാണ് ഫയർഫോഴ്സിന്റെ കയ്യിലുള്ളത്. അപ്പോൾ യഥാർത്ഥത്തിൽ പ്രകൃതിക്ഷോഭം നമുക്ക് തടയാൻ പറ്റില്ല. പക്ഷേ അതിന്റെ ആപത്ത് കുറയ്ക്കാൻ കഴിയും. അതിനു തക്ക നിലയിൽ, അതിനെ നേരിടാനുള്ള സ്ഥിരം സംവിധാനം ഉണ്ടാകണം. ഇത്തരത്തിൽ ഒരു ദ്വിതല ആസൂത്രണം ഇക്കാര്യത്തിലുണ്ടാകണം എന്നുള്ളതാണ് ഞാൻ ആവശ്യപ്പെടുന്നത്. ഭൂചലനത്തെ സംബന്ധിച്ചിടത്തോളം 20 കൊല്ലത്തിനിടയിൽ കേരളത്തിൽ ഉണ്ടായിരിക്കുന്ന ശക്തമായ ഭൂചലനം 2000 ഡിസംബർ 12-നാണ് ഉണ്ടായിട്ടുള്ളത്. പതിനൊന്ന് ജില്ലകളിലാണ് ഭൂചലനം അനുഭവപ്പെട്ടത്. അതിനുമുമ്പ് 1988-ൽ ഇടുക്കിയിലും 1994-ൽ വടക്കാഞ്ചേരിയിലും ഭൂചലനം ഉണ്ടായി. അവയേക്കാൾ ശക്തമായ ഒന്നാണ് 2000-ൽ ഉണ്ടായത്. ആ ഭൂചലനം സംബന്ധിച്ച് സെസ്സ് നടത്തിയ ഒരു പഠനത്തിന്റെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ : അങ്ങ് ഉന്നയിച്ചത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. നമ്മുടെയൊക്കെ നിയോജകമണ്ഡലത്തിൽ, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രകൃതിക്ഷോഭംമൂലം നിരവധി ആളുകൾ കഷ്ടപ്പെടുമ്പോൾ അവരെ സഹായിക്കുന്നതിനുവേണ്ടി റസ്ക്യൂ ഓപ്പറേഷൻസിന് പോകുന്നതിന്റെ പ്രയാസങ്ങളെപ്പറ്റി പറഞ്ഞു. അതുപോലെതന്നെ നിരവധി പേർ നമ്മുടെ നാട്ടിൽ രാഷ്ട്രീയ കൊലപാതകങ്ങളും, ബോംബ് സ്ഫോടനംമൂലവുമൊക്കെ മരിച്ചുകൊണ്ടിരിക്കുന്നതും അത്യാഹിതംതന്നെയാണ്. അത് അങ്ങയുടെ ബില്ലിന്റെ പരിധിയിൽ പെടുമോ?

ശ്രീ. പി. ജയരാജൻ: അത് ഈ ബില്ലിന്റെ പരിധിയിൽ പെടില്ല. അതേ സമയം മനുഷ്യർ ഉണ്ടാക്കുന്ന ചില അത്യാഹിതങ്ങൾ ഈ ബില്ലിന്റെ പരിധിയിൽ പെടുന്നുണ്ട്. വ്യവസായങ്ങളിൽ നിന്നുണ്ടാകുന്ന അത്യാഹിതങ്ങളും അതുപോലെയുള്ള കാര്യങ്ങളും ഈ ബില്ലിന്റെ പരിധിയിൽ പെടുന്നുണ്ട്. ഈ ഭൂചലനം കേരളത്തെ സംബന്ധിച്ചിടത്തോളം ഈ അടുത്ത കാലത്താണ് ഉണ്ടായിട്ടുള്ളത് അങ്ങേയറ്റത്തെ ഭീതി പരത്തിയിട്ടുള്ളതാണ്. 2000-ലെ ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രം ഇടുക്കി ഡാമിന്റെ സമീപം പൈനാവ് പ്രദേശത്തായിരുന്നു അണക്കെട്ടുകൾ ഭൂകമ്പത്തിന് ഇടയാക്കുമോ എന്നുള്ള കാര്യത്തിൽ തർക്കമുണ്ട്. പക്ഷേ ഭൂകമ്പത്തിന്റെ ആഘാതം താങ്ങാൻ ശക്തിയില്ലാത്ത അണക്കെട്ടുകൾ ഉയർത്തുന്ന ഭവിഷ്യത്തുകൾ ഏറെ ഭയങ്കരമായിട്ടുള്ളതാണ്. അതിൽ ഒന്നാണ് മുല്ലപ്പെരിയാറിന്റെ കാര്യം. മുല്ലപ്പെരിയാർ തകർന്നാൽ .....

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട ജയരാജൻ വടക്കാഞ്ചേരിയിലുണ്ടായ ഭൂകമ്പത്തെക്കുറിച്ചാണല്ലോ ഇവിടെ പ്രതിപാദിച്ചത്. ഈ സമീപ കാലത്ത് വടക്കാഞ്ചേരിയിലുണ്ടായ മറ്റൊരു ഭൂകമ്പത്തിൽ ഒരു മന്ത്രിതന്നെ ഒലിച്ചുപോയ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജയരാജൻ: ആ ഭൂചലനത്തെപ്പറ്റിയല്ല ഞാനിവിടെ പ്രതിപാദിച്ചത്. മുല്ലപ്പെരിയാർ തകർന്നാൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ: ജയരാജൻ, അങ്ങയുടെ സമയം കഴിഞ്ഞു. You can continue next time.

(ചർച്ച തുടരും)

(പ്രമേയാവതാരകൻ ശ്രീ. പി. ടി. തോമസ് ഹാജരില്ലാത്തതിനാൽ 2004-ലെ കേരള വാനില കൃഷി വ്യാപനത്തിന് കർഷകരെ പ്രാപ്തവൽക്കരിക്കലും വാനില സംസ്കരണ വിപണന അതോറിറ്റി സംസ്ഥാപനവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly